തിരുവിതാംകൂർ-കൊച്ചി-മലബാർ സംവരണം നിലനിർത്തേണ്ടതിനെക്കുറിച്ച് പഠനം

*21 [376] ശ്രീ. പി. ടി. തോമസ്:

" കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് ഉണ്ടായിരുന്ന തിരുവിതാംകൂർ-കൊച്ചി-മലബാർ സംവരണം വേണ്ടെന്നു വച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) ഇക്കാര്യത്തിൽ ഒരു പഠനവും നടത്തിയിട്ടില്ലെങ്കിൽ പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) അടുത്ത അദ്ധ്യയന വർഷം മുതൽക്കുള്ള (2005-06) പ്രവേശനത്തിന് തിരുവിതാംകൂർ-കൊച്ചി-മലബാർ സംവരണം വേണ്ടെന്നുവച്ചിട്ടുണ്ട്.

(ബി) 1966-ലെ ജസ്റ്റിസ് കുമാരപ്പിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക സംവരണം നടപ്പിലാക്കിയിരുന്നത്. പ്രസ്തുത റിസർവേഷനുള്ള മാനദണ്ഡം 1-11-1956-ലെ സംസ്ഥാനങ്ങളുടെ പുനഃസംഘടനയ്ക്ക് 3 വർഷം മുമ്പ് പ്രസ്തുത മേഖലകളിൽ വീടോ ഭൂസ്വത്തോ ഉണ്ടായിരിക്കണമെന്നുള്ളതാണ്. എന്നാൽ ഇത്തരത്തിലുള്ള റിസർവേഷൻ ഇനിയും യുക്തിസഹമായി തോന്നുന്നില്ല. 2004-ൽ പ്രവേശന പരീക്ഷാ കമ്മീഷണർ സർക്കാർ കോളേജിലേക്ക് നടത്തിയ 27 പ്രൊഫഷണൽ കോഴ്സിലേക്കുള്ള അഡ്മിഷനിൽ 16 കോഴ്സുകളിലേക്കും മലബാർ ക്വാട്ടയിൽ അഡ്മിഷൻ നേടിയവർക്ക് തിരുവിതാംകൂർ-കൊച്ചി ക്വാട്ടയിലേതിനേക്കാൾ ഉയർന്ന റാങ്ക് ലഭിച്ചിരുന്നതായി കണ്ടു. മാത്രമല്ല ഗൾഫ് രാജ്യങ്ങളിലുള്ള അനേകം വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽനിന്നും പ്രാദേശിക സംവരണത്തിനെതിരെ പരാതി ഉയർന്നിരുന്നു. 2002-ലെ 29420-ാം നമ്പർ കേസിന്റെ 20-1-2003-ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി പ്രാദേശിക സംവരണത്തിനെതിരെ പരാമർശം നടത്തിയിരുന്നു. ഇക്കാരണങ്ങളാലാണ് പ്രാദേശിക സംവരണം വേണ്ടെന്നു വയ്ക്കുവാൻ തീരുമാനിച്ചത്.

(സി ആന്റ് ഡി) 2004-ലെ പ്രൊഫഷണൽ കോഴ്സിലേക്കുള്ള അഡ്മിഷന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ മനസ്സിലാക്കിയിരുന്നു. മാത്രമല്ല ഗൾഫ് വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളിൽ നിന്നുള്ള ആവശ്യവും ബഹു. ഹൈക്കോടതിയുടെ പരാമർശവും കണക്കിലെടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly